# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ : 4868**

05.02.2014-ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
|---|---|
| (എ) പഞ്ചായത്തുകളുടെ അസസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ; | (എ) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സഞ്ചയ എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് അസസ്സ്മെന്റ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നത്. www.sanchaya.lsgkerala.gov.in എന്ന വെബ് സോഫ്റ്റ്വെയർ മുഖേനയാണ് ഈ പ്രവർത്തനം നിർവഹിക്കപ്പെടുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള വെബ് ലോഗിൻ സംവിധാനത്തിലൂടെ ഉദ്യോഗസ്ഥർക്ക് ലോഗിൻ ചെയ്യാവുന്നതാണ്. Technical staff, Data entry Operator, Clerk, Verifier, Approver (Secretary) എന്നിങ്ങനെയുള്ള വിവിധതരം പദവികളിലുള്ളവരുടെ പരിശോധനയ്ക്ക് ശേഷമാണ് digital signature-ഓടുകൂടിയ ഡേറ്റാ തയ്യാറാക്കുന്നത്. നിലവിൽ ഒരു കോടിയിൽ പരം കെട്ടിടങ്ങളുടെ അസസ്സ്മെന്റ് വിവരങ്ങൾ ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. |
| (ബി) എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;നയം വ്യക്തമാക്കുമോ ; | (ബി) എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇൻഫർമേഷൻ കേരള മിഷൻ മുഖേന പഞ്ചായത്തുകൾക്കു വേണ്ടി ഏതെല്ലാം സോഫ്റ്റ് വെയറുകളാണ് നടപ്പിലാക്കിയിരിക്കുന്നത് ; ഇതു മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തിട്ടുള്ള വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ വിന്യസിച്ച് പ്രവർത്തനം ആരംഭിക്കുകയും ജില്ലാതല ടെക്നിക്കൽ ഓഫീസർമാർക്കും ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും വിവിധ ഘട്ടങ്ങളായി ഓരോ സോഫ്റ്റ്‌വെയർ സംബന്ധിച്ചും പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും അതിലൂടെ ത്രിതല പഞ്ചായത്തുകളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും സ്വന്തമായി കമ്പ്യൂട്ടർ സഹായത്തോടെ ഭരണനിർവഹണം സാധ്യമാക്കാൻ അവസരം ആയിട്ടുണ്ട്. തുടർ സാങ്കേതിക സഹായം ഓൺലൈനായി ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ ആസ്ഥാനത്ത് പ്രവൃത്തി സമയങ്ങളിൽ പൂർണ്ണ സേവനം ലഭ്യമാക്കത്തക്ക വിധം ഹെൽപ്പ് ഡെസ്ക്കും സ്ഥാപിച്ച് പഞ്ചായത്തുകളിലെ കമ്പ്യൂട്ടർ വൽക്കരണം സുഗമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സേവന സിവിൽ രജിസ്ട്രേഷൻ, സേവന പെൻഷൻ, സുലേഖ, സ്ഥാപന, സാംഖ്യ, സഞ്ചിത, സംവേദിത, സഞ്ചയ, സുഗമ, സൂചിക, സചിത്ര(ആസ്തി), സചിത്ര(ജി.ഐ.എസ്), സകർമ്മ, സങ്കേതം, സാമൂഹ്യ, സുഭദ്ര എന്നീ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ പഞ്ചായത്തുകളിൽ വിന്യസിച്ച് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ